# മുട്ടഭരണി

സ്കൂൾ വിട്ട് വരുമ്പോൾ ഉണ്ണിക്കുട്ടൻ വളരെ സന്തോഷത്തിലായിരുന്നു. ഇന്ന് കോഴിക്കുഞ്ഞുങ്ങളെ വാങ്ങിക്കൊണ്ടുവരും എന്ന് അമ്മ പറഞ്ഞിരുന്നു. രാവിലെ സ്കൂളിലേക്ക് പോകുമ്പോൾ കോഴിക്കുഞ്ഞുങ്ങളെക്കുറിച്ചായിരുന്നു അവന്റെ ചിന്ത മുഴുവൻ.

സ്കൂളിൽ നിന്ന് വരുന്ന വഴിക്കാണ് അഭിയുടെ വീട്. അവന്റെ വീട്ടുമുറ്റത്ത് നിറയെ കോഴികളാണ്. അതിൽ കുഞ്ഞിക്കോഴികളും പല വലുപ്പത്തിലും നിറങ്ങളിലുമുള്ള മറ്റു കോഴികളുമുണ്ട്. രണ്ട് വലിയ പൂവൻ കോഴികളെ കാണാനാണ് നല്ല ഭംഗി. അവയുടെ കത്തിപോലെ വളഞ്ഞ വാല് എത്ര നോക്കിനിന്നാലും ഉണ്ണിക്കുട്ടന് മതിവരില്ല. തള്ളക്കോഴിയും കോഴിക്കുഞ്ഞുങ്ങളും കൊത്തിപ്പെറുക്കിത്തിന്നുന്നത് കാണാൻ നല്ല രസമാണ്!

"അമ്മേ..." എന്ന് നീട്ടിവിളിച്ചാണ് ഉണ്ണിക്കുട്ടൻ വീട്ടിലേക്ക് കയറിയത്. "അമ്മേ, കുഞ്ഞിക്കോഴികൾ എവിടെ?" അവയെ കാണാനുള്ള ആകാംക്ഷയോടെ ഉണ്ണിക്കുട്ടൻ ചോദിച്ചു.

"അയ്യോ മോനേ, ഇന്ന് പോകാൻ പറ്റിയില്ല. ഇന്ന്, പറമ്പിലുള്ള വിറകെല്ലാം പൊറുക്കിക്കൂട്ടലായിരുന്നു പണി. ഇതുവരെ സമയം കിട്ടിയില്ല." അവനോട് അമ്മ പറഞ്ഞു.

ഉണ്ണിക്കുട്ടന് ആകെ നിരാശയായി. മനസ്സിൽ ആ കോഴിക്കുഞ്ഞുങ്ങളായിരുന്നു വൈകുന്നേരം വരെ.

"വാ അമ്മേ... നമുക്ക് ഇപ്പോത്തന്നെ ജാനേടത്തീടെ വീട്ടിൽ പോകാം. കോഴിക്കുഞ്ഞുങ്ങളെ കൊണ്ടുവരാം." അവൻ



ലോകത്തിലെ ഏറ്റവും നീളംകൂടിയ അണക്കെട്ട്– ഹിരാക്കുഡ്(മഹാനദി

അമ്മയുടെ വിരലിൽതൂങ്ങി ചിണുങ്ങിക്കൊണ്ട് പറഞ്ഞു.

“അട്ത്തല്ലേ അമ്മേ ജാനേടത്തീന്റെ വീട്. വാ അമ്മേ, പോകാം.”

അവന്റെ നിർബന്ധം കാരണം ദേവൂട്ടി സമ്മതിച്ചു. “ശരി, പോകാം” ഉണ്ണിക്കുട്ടന് സന്തോഷമായി.

അകത്തുപോയ അമ്മ തിരിച്ചുവരാൻ വൈകുംതോറും ഉണ്ണിക്കുട്ടന്റെ ക്ഷമ നശിച്ചു. അവൻ തിരക്കുകൂട്ടി:

“വേഗം വാ അമ്മേ...”

“ഓ... വന്നു മോനേ, നിന്റെയൊരു ധൃതി!”

അമ്മയുടെ കൈയും പിടിച്ച് അവൻ ജാനേടത്തിയുടെ വീട്ടിലേക്ക് നടന്നു.

“അഭിയുടെ വീട്ടിലെപ്പോലെ നമുക്കും ഒരുപാട് കോഴികൾ വേണം അല്ലേ അമ്മേ...”

“അങ്ങനെ ഒരുപാട് കോഴിക്കുഞ്ഞുങ്ങൾ വേണണമെങ്കിൽ വലിയ കൂടൊക്കെ ഉണ്ടാക്കണം. അതൊന്നും നമുക്ക് ഇപ്പൊ പറ്റില്ല മോനേ...” അമ്മ പറഞ്ഞു.

പറഞ്ഞു പറഞ്ഞ് നടക്കുന്നതിനിടയിൽ അവർ ജാനേടത്തിയുടെ വീട്ടിലെത്തി.

“ങ്ങാ... ഇതാരാ ദേവൂട്ട്യോ..” ഉണ്ണിക്കുട്ടന്റെ അമ്മയെ കണ്ടപാടെ ജാനേടത്തി കുശലം പറഞ്ഞു.

“ഇവനാട നിക്കപ്പൊറുതി തരുന്നില്ല ജാനേടത്തീ. ഞാമ്പറഞ്ഞില്ലേ കോഴിക്കുഞ്ഞിന്റെ കാര്യം. അതിനെ വാങ്ങാനാ ഞാൻ വന്നേ..” ഉണ്ണിക്കുട്ടന്റെ അമ്മ പറഞ്ഞു.

“ശരി. വാ... പിന്നാമ്പുറത്തെ ഞാലീല് കുട്ടകൊണ്ട് പൊത്തിവെച്ചിട്ടുണ്ട്, വാ...”


ജാനേടത്തീടെ കൂടെ ഉണ്ണിക്കുട്ടനും അമ്മയും പിന്നാമ്പുറത്തേക്ക് നടന്നു.

“ദേവൂട്ടീ, നീയാ കുട്ടേല് ആ കോഴിക്കുഞ്ഞുങ്ങളെ ഇട്ട് കൊണ്ടുപോയ്ക്കോ. കുട്ട പിന്നെയിങ്ങ് എത്തിക്കണേ..”

“ശരി, ജാനേടത്തീ.”

“എന്നാപ്പിന്നെ ശരി. അഞ്ച് കോഴിക്കുഞ്ഞുങ്ങളെ പിന്നെ നീ തന്നാമതി.”

കോഴിയെ പോറ്റാൻ കൊടുക്കുന്ന ഏർപ്പാടാണ്. ഈ അഞ്ച് കോഴിക്കുഞ്ഞുങ്ങളിൽനിന്ന് ആദ്യമായി അടവെച്ച് വിരിയുന്ന അഞ്ച് കോഴിക്കുഞ്ഞുങ്ങളെ ജാനേടത്തിക്ക് തിരിച്ചുകൊടുക്കണം. അതാണ് കരാറ്.



ദക്ഷിണധ്രുവത്തിൽ ആദ്യമായി എത്തിച്ചേർന്ന വ്യക്തി– റോൾഡ് ആമുണ്ട് ബൻ(1911)

കോഴിക്കുഞ്ഞുങ്ങളെ കുട്ടയിലിട്ട് ദേവൂട്ടി മുമ്പിൽ നടന്നു. പിന്നാലെ ഉണ്ണിക്കുട്ടനും. കുട്ടയിൽ നിന്ന് കോഴിക്കുഞ്ഞുങ്ങൾ കിയോ... കീയോ... എന്ന് കരഞ്ഞുകൊണ്ടിരുന്നു. വീട്ടിലെത്തി പിന്നിലെ വരാന്തയിൽ അതേ കുട്ടകൊണ്ട് കോഴിക്കുഞ്ഞുങ്ങളെ പൊത്തിവെച്ചു. അതിനുള്ളിൽ നുറുക്കരി വിതറുന്നതിനിടയിൽ അവനോട് അമ്മ പറഞ്ഞു:

"കുട്ട പൊന്തിക്കല്ലേ... കുഞ്ഞിക്കോഴികൾ പുറത്തുപോകും."

കുട്ടയുടെ ചെറിയ വിടവുകളിലൂടെ ഉണ്ണിക്കുട്ടൻ കുഞ്ഞിക്കോഴികളെ നോക്കി രസിച്ചു.

ദിവസങ്ങൾ വേഗം കടന്നുപോയി. കോഴിക്കുഞ്ഞുങ്ങൾ വലുതായി പിടയും പൂവനും തിരിച്ചറിഞ്ഞു തുടങ്ങി. മൂന്ന് പിടക്കോഴികളും രണ്ട് പൂവൻ കോഴികളുമാണ് അവന് കിട്ടിയത്.

ഒരു ദിവസം സ്കൂളിൽ നിന്ന് വന്നപ്പോൾ അവന്റെ അമ്മ ഉണ്ണിക്കുട്ടനെ അടുത്തുവിളിച്ചു.

"ദാ നോക്ക്യേ, നമ്മടെ കോഴികളിലൊന്ന് ആദ്യായിട്ട മുട്ട!."

"ഹായ് നല്ല മുട്ട! അമ്മേ, ഇതെനിക്ക് തര്വോ..." ഉണ്ണിക്കുട്ടൻ അമ്മയോട് കെഞ്ചിപ്പറഞ്ഞു.

"നിനക്ക് ഓർമ്മീണ്ടല്ലോ ജാനേടത്തി പറഞ്ഞത്."

"ങ്ങാ, ഓർമ്മീണ്ട്. എന്നാലും ഇതെനിക്ക് താ അമ്മേ..."

"ശരി തരാം" ഉണ്ണിക്കുട്ടന്റെ ചിണുങ്ങൽ കേട്ട് അമ്മ സമ്മതിച്ചു.

അവൻ അമ്മയുടെ കൈയിൽ നിന്നും മുട്ട വാങ്ങി കല്ലിന്റെ മൂലയിൽ മെല്ലെതട്ടി. പൊട്ടിയ കീറിലെ തോട് ചെറുതായി അടർത്തിക്കളഞ്ഞ് അവൻ മുട്ട വലിച്ച് കുടിച്ചു.

"അയ്യേ... ഇങ്ങനെയാണോ മുട്ട കഴിക്കുന്നത്?!"

"അപ്പുറത്തെ അഖിലേട്ടൻ ഇങ്ങനെയാണല്ലോ കഴിക്കുന്നേ, എനിക്കും ഇതാ ഇഷ്ടം."

പിന്നെ ഇടക്കിടക്ക് ഓരോ മുട്ട അവന് അവന്റമ്മ കുടിക്കാൻ കൊടുക്കും.

അടുക്കള മൂലക്ക് മരപ്പലകകൊണ്ട് ഉണ്ടാക്കിയ ഒരു തട്ടുണ്ട്. അവിടെ ഒരു വലിയ കുപ്പിഭരണിയിലാണ് മുട്ടകൾ ഇട്ടുവെക്കാറ്. എപ്പോഴും അതിൽ മുട്ടയുണ്ടാവും. ഒരു ദിവസം ഉണ്ണിക്കുട്ടൻ സ്കൂളിൽ നിന്ന് വന്ന് മുട്ടയെടുക്കാൻ നോക്കിയപ്പോൾ ഒറ്റ മുട്ടയും ഭരണിയിൽ കാണാനില്ല.

ഉണ്ണിക്കുട്ടൻ മുട്ട എവിടെവെച്ചു എന്നറിയാതെ തിരയാൻ തുടങ്ങി. എവിടെയും മുട്ടകൾ കാണുന്നില്ല. പെട്ടെന്നാണവന് പത്തായത്തിന്റെ കാര്യം ഓർമ്മവന്നത്. അതിൽ നിറയെ നെല്ല് ഇട്ടുവെച്ചിരിക്കയാണ്. അതിലെങ്ങാൻ ഒളിപ്പിച്ചുവെച്ചിട്ടുണ്ടാവും. ഉണ്ണിക്കുട്ടൻ വിചാരിച്ചു.

പത്തായത്തിന്റെ മൂടി തുറന്ന് നോക്കുമ്പോൾ ഉണ്ണിക്കുട്ടൻ അതിനകത്ത് ഒരു വലിയ ഭരണി കണ്ടു. അത് പതുക്കെ പൊക്കിയെടുത്ത് പത്തായത്തിന് പുറത്ത് വച്ചു.

"പ്ധോം" പെട്ടെന്ന് ഭരണി പത്തായത്തിന്റെ പുറത്തുനിന്ന് താഴേക്ക് വീണ് അത് പൊട്ടിച്ചിതറി. അപ്പോഴാണ് അവനാ കാഴ്ച കണ്ടത്. പൊട്ടിച്ചിതറിയ ഭരണിക്കൊപ്പം പൊട്ടിയൊഴുകുന്ന മുട്ടകൾ "അയ്യോ..." അവനാകെ പേടിച്ചു വിറച്ചു. ഒന്നും മിണ്ടാതെ അവൻ പുറത്തേക്ക് ഓടിപ്പോയി.

വൈകുന്നേരം ഏറെ വൈകിയാണ് ഉണ്ണിക്കുട്ടൻ വീട്ടിലെത്തിയത്. വീട്ടിലേക്ക് കയറുമ്പോൾ തന്നെ വല്യമ്മ വടിയുമെടുത്ത് മുന്നിൽ. ഒഴിഞ്ഞുമാറുന്നതിനിടയിൽ നല്ല രണ്ട് നല്ല തല്ല് തുടയ്ക്കുതന്നെ കിട്ടി. കരച്ചിൽ കേട്ട് ഓടിവന്ന അമ്മയുടെ പിറകിൽക്കൂടി കൂടുതൽ അടി ഒഴിവാക്കി ഉണ്ണിക്കുട്ടൻ കരഞ്ഞുകൊണ്ടിരുന്നു.

"എന്ത് തോന്നിവാസാ നീ കാണിച്ചേ" അമ്മ ഉണ്ണിക്കുട്ടനെ വഴക്ക് പറഞ്ഞു. "സാരൂല്ല. കുളിച്ച് വാ."

കുളി കഴിഞ്ഞ് രാത്രി ഭക്ഷണം കഴിക്കാനിരിക്കുമ്പോൾ ഉണ്ണിക്കുട്ടന് സന്തോഷമായി. മുട്ട വറുത്തതും മുട്ടയപ്പവും എന്നുവേണ്ട മുട്ട വിഭവങ്ങളുടെ നിരതന്നെയുണ്ടായിരുന്നു അത്താഴത്തിന്.

"ഞാനാ ഭരണി കണ്ടുപിടിച്ചോണ്ടല്ലേ ഇന്ന് എല്ലാർക്കും ഇങ്ങനെ കറികൾ ഉണ്ടാക്ക്യേ" എന്ന് അവൻ അമ്മയോട് സ്വകാര്യം പറഞ്ഞു.

ലോകത്തിലെ ഏറ്റവും വലിയ ശൈത്യമരുഭൂമി– ഗോബി(മംഗോളിയ)